## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2406** | **07.10.2016 ൽ മറുപടിയ്ക്ക്**

## നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീമതി വീണാ ജോർജ്ജ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ 21 എണ്ണത്തിൽ നെൽവയലുകളോ തണ്ണീർത്തടങ്ങളോ ഇല്ല. ശേഷിക്കുന്ന 920 ഗ്രാമ പഞ്ചായത്തുകളിൽ 341 ഗ്രാമ പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 557 ഗ്രാമ പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്. 22 ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവർത്തികൾ സമയബന്ധിതമായി നടന്നു വരുന്നു. |
| (ബി) പ്രസ്തുത ഡാറ്റാ ബാങ്ക് എന്നത്തേയ്ക്ക് പ്രസിദ്ധീകരിയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) സാങ്കേതിക കാരണങ്ങളാൽ 22 ഗ്രാമ പഞ്ചായത്തുകളുടെ ഡേറ്റാ ബാങ്ക് പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആയത് നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ